## പതിനാലാം കേരളനിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 425 21.10.2016-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ. വി.അബ്ദുറഹിമാൻ<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാരിന് എപ്രകാരം ഇടപെടാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിനായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് യഥാസമയം നടത്തുന്നുണ്ട്. വിവിധ പദ്ധതികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ എല്ലാവിധ പണമിടപാടുകളും ഇലക്ട്രോണിക് സംവിധാനത്തിലേയ്ക്ക് മാറ്റുകയും അക്കൗണ്ടിംഗ് പദ്ധതി അംഗീകാരം പൂർണ്ണമായും സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ കൃത്യവും സമയബന്ധിതവുമായി ചെയ്തുവരുന്നുമുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചർച്ച ചെയ്ത് കൈക്കൊള്ളുന്ന തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തിയ 'സകർമ്മ' സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന ഫണ്ട് നിശ്ചിത സമയത്തിനകം ചെലവഴിക്കുന്നതിന് മുന്തിയ പരിഗണന നൽകി ആവശ്യമായ നയപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനകീയ പങ്കാളിത്തം സാധ്യമാക്കുന്നതിനായി എന്തു നടപടിയുണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അയൽസഭ, അയൽസഭ നിർവാഹക സമിതി, വാർഡ് വികസന സമിതി എന്നിവ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇങ്ങനെ തിരഞ്ഞെടുക്കുന്ന അയൽസഭകൾ ആ പ്രദേശത്തെ നിർവ്വഹണ കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണം, വിഷരഹിത പച്ചക്കറി ഉല്പാദനം, ഒ.ഡി.എഫ് പ്രഖ്യാപനം തുടങ്ങിയ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണം കര്യക്ഷമമാക്കുന്നതിന് വേണ്ട മാനവ വിഭവവും ഫണ്ടും യഥാസമയം ഉറപ്പാക്കുമോ; വിശദമാക്കാമോ ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്ക് അനുവദിക്കുന്ന തുക സംസ്ഥാന ബഡ്ജറ്റിന്റെ Appendix IV- ൽ ഉൾപ്പെടുത്തി ഉറപ്പാക്കുന്നുണ്ട്. പ്രസ്തുത തുക മൂന്നു തവണകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു |

Saradadevi

സെക്ഷൻ ഓഫീസർ